കേസുകളിലുൾപ്പെട്ട ടൂറിസം വകുപ്പ് ഉദ്യോഗസ്ഥർ

106 (1576) ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. റോഷി അഗസ്റ്റിൻ .: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രിവൻഷൻ ഓഫ് അട്രോസിറ്റി ആക്ട് പ്രകാരം ക്രിമിനൽ കേസിൽ ഉൾപ്പെട്ട ഏതെങ്കിലും ഉദ്യോഗസ്ഥർ ടൂറിസം വകുപ്പിൽ ജോലി ചെയ്യുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ; എങ്കിൽ പ്രസ്തുത ഉദ്യോഗസ്ഥരുടെ പേരുവിവരങ്ങൾ ലഭ്യമാക്കുമോ ;

(ബി) ഇപ്രകാരം കേസിൽ ഉൾപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ വകുപ്പ് തലത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്താണ് ഇതിനു കാരണം ; വ്യക്തമാക്കുമോ ;

(സി) ഇത്തരം കേസ്സുകളിൽ ഉൾപ്പെട്ടിരിക്കുന്നവർക്കെതിരെ വകുപ്പ് തലത്തിൽ അന്വേഷണം നടത്താൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ടൂറിസം വകുപ്പിലെ മാനേജരായ ശ്രീ. റ്റി. തങ്കച്ചൻ ഈ വകുപ്പി ലെതന്നെ മാനേജരായ ശ്രീ. എ. ഉണ്ണികൃഷ്ണനെതിരെ തിരുവനന്തപുരം ജുഡീഷ്യൽ ഒന്നാംക്ലാസ് മജിസ്ട്രേറ്റ് കോടതി മുൻപാകെ പ്രിവൻഷൻ ഓഫ് അട്രോസിറ്റി ആക്ട് പ്രകാരം ഒരു സ്വകാര്യ അന്യായം നൽകിയിട്ടുള്ളതായി കാണുന്നു. ടൂറിസംവകുപ്പ് പ്രസ്തുത കേസിൽ കക്ഷിയല്ല. ബഹുമാനപ്പെട്ട ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതിയുടെ 24-12-2007 തീയതിയിലെ ഉത്തരവ് പ്രകാരം പ്രസ്തുത അന്യായം സെഷൻസ് കോടതിയിലേക്ക് മാറ്റിയിട്ടുണ്ട്.

(ബി) പ്രസ്തുത സ്വകാര്യ അന്യായത്തിൽ കോടതി ഉത്തരവുകളൊന്നും വന്നിട്ടില്ലാത്ത സാഹചര്യത്തിൽ വകുപ്പുതലത്തിൽ പ്രത്യേകം അന്വേഷണം നടത്തിയിട്ടില്ല.

(സി) വിഷയം കോടതിയുടെ പരിഗണനയിലായതിനാൽ കോടതി ഉത്തരവുകൾക്കനുസരണമായി മാത്രമേ മറ്റ് നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ:

പഞ്ചായത്തുകളുടെ പദ്ധതി ചെലവ്

107 (1577) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്തുകളുടെ പദ്ധതി ചെലവിന്റെ നിലവാരം ഉയർത്തു ന്നതിനായി വരുന്ന സാമ്പത്തികവർഷം മുതൽ ഓരോ പാദത്തിലും ചെലവഴിക്കേണ്ട തുക നിർണ്ണയിച്ച് നൽകുവാൻ നടപടി സ്വീകരിക്കുമോ ;

(ബി) നിശ്ചയിച്ച തുക ചെലവഴിച്ചില്ലെങ്കിൽ അടുത്ത പാദത്തിൽ കൊടുക്കേണ്ട തുക കുറയ്ക്കുന്നതിന് നടപടികൾ എടുക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly